**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസം - ഒന്നാം ഭാഷ മലയാളം - സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാപഠനം നിർബന്ധമാക്കിയത് -മാതൃഭാഷ മലയാളമല്ലാത്ത കുട്ടികൾക്ക് 2013-14 അദ്ധ്യയന വർഷം ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(പി)നം: 46/14/പൊ.വി. തിരുവനന്തപുരം, തീയതി: 03.03.2014

---

പരാമർശം: 1) സ.ഉ.(പി)നം.183/2011/പൊ.വി. തീയതി 01.09.2011.

2) 03.09.13 -ലെ സെന്റ് മേരീസ് ആംഗ്ലോ ഇന്ത്യൻ ഗേൾസ് ഹൈസ്ക്കൂൾ ഫോർട്ട് കൊച്ചി- പി.റ്റി.എ പ്രസിഡന്റിന്റെ നിവേദനം.

3) ശ്രീമതി. വി.സി. ബീന,തമന്ന, മുണ്ടോക്ക്, മാഹി -ബഹു: മുഖ്യമന്ത്രിയ്ക്ക് 22.01.2014 -ൽ സമർപ്പിച്ച നിവേദനം.

4) 13.09.13 -ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്3/28324/11 ഡി.പി.ഐ നമ്പർ കത്ത്.

5) സെന്റ് ജോസഫ്സ് ആംഗ്ലോ ഇന്ത്യൻ ഗേൾസ് ഹയർ സെക്കണ്ടറിസ്ക്കൂൾ ഹെഡ്മിസ്ട്രസിന്റെ 15.10.13 -ലെ നിവേദനം.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാപഠനം നിർബന്ധമാക്കി -ക്കൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പരാമർശം 2 മുതൽ 5 വരെയുള്ള നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ മാതൃഭാഷ മലയാളമല്ലാത്ത കുട്ടികൾക്ക് വളരെപ്പെട്ടെന്ന് മലയാള ഭാഷ പഠിച്ചെടുക്കുന്നതിന് ബുദ്ധിമുട്ട് നേരിടുമെന്നതിനാലും, വാർഷിക പരീക്ഷ തുടങ്ങുന്നതിനുള്ള സമയം അടുത്തെത്തിയിട്ടുള്ളതിനാലും ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ, ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച്, മലയാളഭാഷ പഠിക്കണമെന്നുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 01.09.2011 ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 183/2011/പൊ.വി.

(............2)

ഉത്തരവിൽ നിന്നും ഈ അദ്ധ്യയനവർഷം ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. തുടർന്നു വരുന്ന വർഷങ്ങളിൽ ഈ ആനുകൂല്യം അനുവദിക്കുന്നതല്ല.

**ഗവർണറുടെ ഉത്തരവിൻപ്രകാരം**

**കെ.ഷൈലശ്രീ**
**ജോയിന്റ് സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
} പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) (എ & ഇ) കേരള, തിരുവനന്തപുരം.
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.
ഡയറക്ടർ , എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം.
ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ,ഐടി @ സ്കൂൾ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പി.ആന്റ് എ.ആർ.ഡി ഔദ്യോഗിക ഭാഷാ വകുപ്പ്.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും/ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sindhu

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു: മുഖ്യമന്ത്രിയുടെ സ്പെഷ്യൽ പി.എസിന്
ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്
ബഹു: വനം വകുപ്പ് മന്ത്രിയുടെ പി.എസിന്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്